# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.20/2133/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
ഇ-മെയിൽ -dopkd.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in

തീയതി-21/12/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)
നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.20/2133/2016 തിയ്യതി: 21/12/2016

പാലക്കാട് ജില്ലയിലെ നാഗലശ്ശരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി. ഗ്രാമപഞ്ചായത്തിന്റെ 2015-16. സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 27-07-2016 മുതൽ 13-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകൊളാന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. താഴെ പറയുന്ന രശീതികളുടെ പരിശോധനയും വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| Manual -5 | 5 |
| Sankhya - 3742404 - 3744000 - cash receipts<br>6510001 – 6510356 - d.d receipts | 1953 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം താഴെ ഉൾപ്പെടുത്തുന്നു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016 മുതൽ 22-10-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ബിന്ദു.പി.ജി. | ഓഡിറ്റ് ഓഫീസർ |
| 2 | ബീന.എം.വി. | ഓഡിറ്റർ |
| 3 | രാജൻ.കെ.വി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ കെ.പി.രാമചന്ദ്രൻ - 01.04.2015മുതൽ 01.11.2015വരെ

ശ്രീമതി രജീഷ -02.11.2015മുതൽ 31.03.2016 വരെ

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീമതി പങ്കജം.എ.എം | 01.04.2015 മുതൽ 26.07.2015 വരെ |
| ശ്രീ എ.വി.ജയന്തകുമാർ | 27.07.2015 മുതൽ 18.12.15 വരെ |
| ശ്രീ സ്വരൂപ്.എം.എസ്.<br>അസി.സെക്രട്ടറി | 19.12.2015 മുതൽ 17.01.2016 വരെ |
| ശ്രീ വി.എൻ.നന്ദകുമാർ | 18.01.2016 മുതൽ 31.03.16 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് -ശ്രീ /ശ്രീമതി | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ആശാരാജ്.ആർ. | 01.04.2015 മുതൽ 20.05.15 വരെ |
| | ഷിധി.എൻ.പി. | 21.05.2015 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | കൃഷ്ണകുമാർ | 01.04.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | ഡോ.അഭിലാഷ് | 01.04.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഷജേഷ് | 01.04.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.നിഖില ചന്ദ്രൻ | 01.04.2015 മുതൽ 11.07.15 വരെ |
| | ഡോ. പവിത്രൻ.കെ.ബി. | 12.07.2015 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.നിഷ | 01.04.2015 മുതൽ 11.07.15 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | പി.ജോർജ് | 01.04.2015മുതൽ 01.10.15വരെ |
| | എം.രാജൻ | 02.10.2015മുതൽ 31.03.16 വരെ |
| വി.ഇ.ഒ. | അനിൽകുമാർ | 01.04.2015മുതൽ 29.02.16വരെ |
| | അഭിനന്ദ്.വി.പി. | 04.03.2016 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | രാധാകൃഷ്ണൻ | 01.04.2015 മുതൽ 31.08.15വരെ |
| | സ്വരൂപ്.എം.എസ്. | 01.09.2015 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഹേമലത | 01.04.2015 മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ , | ഉഷാദേവി.കെ. | 01.04.2015 മുതൽ 31.03.16 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1),1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | | 2(1) | |
| 2 | | 2(2) | |
| 3 | | 2(3) | |
| 4 | | 2(4) | |
| 5 | | 2(5) | |
| 6 | | 2(6) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | | 3(1) | |
| 2 | | 3(2) | |
| 3 | | 3(3) | |
| 4 | | 3(4) | |
| 5 | | 3(5) | |
| 6 | | 3(6) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |

| | | | |
|---|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

1-1ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
|---|---|
| 1/25.03.2015 | 1/02.03.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 44004426 |
| വരവ് | 42037974 |

| | |
|---|---|
| ആകെ | 86042400 |
| ചെലവ് | 72652526 |
| നീക്കിബാക്കി | 13389874 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി ( RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2062956 | 13121268* | 15184224 | 7621459 | 7562765 ** | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 10208149 | 6014567 | 16222716 | 9672246 | 6550470 *** | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8624435 | 10911491 2937655 # | 22473581 | 22473581 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3468311 | 1647911 | 5116222 | 2178567 | 2937655 ## | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4699511 | 5474921 | 10174432 | 4564383 | 5610049 *** | 0 |
| ലോക ബാങ്ക് സഹായം | 1060749 | 835555 | 1896304 | 935555 | 960749 *** | 0 |

*മറ്റ് ഫണ്ടുകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്

**TC to Consolidated A/C

*** TC to Plan General

# TC from MG (NR)

##TC to MG(R)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 287 | 162 | 57 | 68 | 56 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 12 | 4061010 | 2600550 | 64% |
| കൃഷിഓഫീസർ | 4 | 2 | 3890548 | 2011647 | 51.7% |
| വെറ്ററിനറി സർജൻ | 8 | 3 | 2083895 | 184635 | 8.86% |
| വി.ഇ.ഒ | 25 | 12 | 14763064 | 2491600 | 16.87% |
| എ.ഇ | 211 | 139 | 51833823 | 34882734 | 67% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2847901 | 1899207 | 71.72% |
| മെഡിക്കൽ ഓഫീസർ,PHC | 4 | 4 | 625000 | 566912 | 90.70% |
| - ടി- ,ആയുർ വേദം | 1 | 1 | 150000 | 150000 | 100% |
| -ടി- ഹോമിയോ | 1 | - | 100000 | - | 0 |
| ഹെഡ്മാസ്റ്റർ | 5 | 2 | 445000 | 197552 | 44% |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 7593206 | 447100 | 58.88% |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 160000 | 160000 | 100% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2753735 | 3955625 | 1201890 | 44%(+) |
| നികുതിയേതര വരവുകൾ | 581620 | 614928 | 33308 | 6%(+) |
| ആകെ | 3335355 | 4570553 | 1235198 | 37%(+) |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 13 | 12 | 1 | കാലതാമസം കൂടാതെ വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 2 | തൊഴിൽ രഹിത വേതനം | 12 | 3 | 9 | |
| 3 | വിധവാ പെൻഷൻ | 91 | 69 | 22 | |
| 4 | വികലാംഗ പെൻഷൻ | 17 | 11 | 6 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 9 | 3 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 277 | 268 | 9 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 64483/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് | 07.09.2016- | 08/2016 | ലഭ്യമായിട്ടില്ല | - |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | 08.09.2016 | | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.07 to 01.12.07&06.12.07 to 12.12.07 | 1997-98 മുതൽ 2006-07 വരെ | 31.01.2009 | - |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല

2015-2016 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| വിജയബാങ്ക് വാവന്നൂർ | 1st ,2nd |
| കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 1st , 2nd |
| ബി.എസ്.എൻ.എൽ | 1st, 2nd |

## 2-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2015-2016 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി അടവാക്കിയിട്ടില്ല. എന്നാൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്കു വിധേയനാകും എന്നു നിഷ്കർഷിക്കുന്നു. ആയതിനാൽ ഈ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|

| | |
|---|---|
| അൽഅമീൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1st ,2nd |
| ഡാഫ്ഫോഡിൽസ് ഇംഗ്ലീഷ് സ്കൂൾ കുറ്റനാട് | 1St |
| ലത ട്യൂഷൻ സെന്റർ | 1St, 2nd |

## 2-3 ദിവസവേതനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2015-2016 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തിരുന്ന താഴെപറയുന്ന ദിവസവേതന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി അടവാക്കിയിട്ടില്ല. (വിശദവിവരങ്ങൾ താഴെ പറയുന്നു.) എന്നാൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്കു വിധേയനാകും എന്നു നിഷ്കർഷിക്കുന്നു. ആയതിനാൽ ഈ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പേര് , തസ്തിക | ഒന്നാം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി | രണ്ടാം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|---|---|
| മിഥുൻ, ടെക്നിക്കൽഅസിസ്റ്റന്റ് | 83400 | 750 | 81000 | 750 |
| സിജിൽ ,ഓഫീസ് അറ്റൻഡന്റ് | 50510 | 450 | 60950 | 600 |
| രശ്മി , ക്ളാർക്ക് | 33060 | 300 | - | |
| നാരായണൻ ഡ്രൈവർ | 69750 | 600 | 80650 | 750 |
| സുരേഷ്ബാബു ഓവർസീയർ | 18000 | 180 | - | |
| നിഷാബുദ്ദീൻ ഓവർസീയർ | 32725 | 300 | 71205 | 600 |
| വിനീഷ , ക്ളാർക്ക് | 35550 | 300 | - | |
| | ആകെ | 2800 | | 2700 |

## 2-4 വരവിനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) വസ്തുനികുതിയോടൊപ്പം സേവനനികുതി ഈടാക്കുന്നില്ല. എന്നാൽ കേരളപഞ്ചായത്ത് രാജ് ആക്ട് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ സെക്ഷൻ 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിനും പ്രസ്തുതകെട്ടിടം സ്ഥിതിചെയ്യുന്ന

പ്രദേശത്ത് വിവിധസേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ചുമത്താവുന്നതാണ് എന്നു നിഷ്കർഷിക്കുന്നു .

2) പരസ്യനികുതി ഈടാക്കുന്നില്ല.

3) തൊഴിൽനികുതി ആകെ ഡിമാന്റ് വ്യക്തമല്ല. ഡിമാന്റ് ചെയ്തവയുടെ മാത്രം റിട്ടേണുകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

4)വരവിനങ്ങളുടെ പുരോഗതി വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്തെങ്കിലും ശുപാർശ ചെയ്തതായോ നടപടികൾ സ്വീകരിച്ചതായോ പരിശോധനയിൽ കണ്ടെത്തിയില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എച്ച്.എം നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2015-2016 ൽ എച്ച്.എം, ജി.എൽ.പി.എസ്. കോതച്ചിറ നിർവ്വഹിച്ച പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) നിർവ്വഹണഉദ്യോഗസ്ഥൻ എന്ന നിലയിൽ TR 7A ഫോർമാറ്റിലുള്ള കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ ജി.ഒ.(പി)119/2015 ധനം 21.03.15 ലെ നമ്പർ 18പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ. 7 – എ ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവുവിവരം രേഖപ്പെടുത്തണം എന്നു നിഷ്കർഷിക്കുന്നു.

2) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

3) ഫർണിച്ചർ വാങ്ങൽ (പ്രോജക്റ്റ് നം SOO 64) പദ്ധതിയിൽ മെയിന്റനൻസ് റോഡിതരഫണ്ടിൽനിന്നും ബിൽ നമ്പർ 2/2015 -16 തീയതി 28.03.16 പ്രകാരം 175552/- രൂപ പിൻവലിച്ചിട്ടുണ്ട് ആയതുപ്രകാരം ചെയർ -40, സ്റ്റീൽ അലമാര – 12, സ്റ്റീൽ അലമാര വിത്ത് ഗ്ലാസ്സ് ഡോർ - 12 , ടേബിൾ - 20 എന്നിവ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് . ഇവ ജി.എൽ.പി.എസ് കോതച്ചിറ, ജി.യു.പി.എസ് നാഗലശ്ശേരി. ജി.യു.പി.എസ് കോതച്ചിറ, ജി.എൽ.പി.എസ് പിലക്കാട്ടിരി എന്നീ സ്കൂളുകൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇവയുടെ കൈപ്പറ്റു രസീതി പരിശോധിച്ചതിൽ 3 ടേബിളുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. ആയതിനാൽ ഒരു ടേബിളിന് 3482രൂപ പ്രകാരം 10446 രൂപ(ഫിഡ്കോ എന്റർപ്രൈസസിന്റെ 10.03.16 ലെ ഇൻവോയ്സ് നമ്പർ 260 പ്രകാരം) തടസ്സത്തിൽ വെയ്ക്കുന്നു.

### 3-2 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- അധികതുക

## <u>ചെലവഴിച്ചു</u>

പ്രൊജക്ട് നം: 88/16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ

അടങ്കൽ - വികസന ഫണ്ട് (SCP) രൂ. 450000/-

ചെലവ് - ബിൽ നം- 4, രൂപ. 380962/- തീയതി 25-10-15

നിർവഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

ഈ പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പട്ടികജാതി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് 94 യൂണിറ്റ് സ്റ്റഡി ടേബിളും ചെയറും വാങ്ങി നൽകിയിട്ടുണ്ട്. 2015-16 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗ രേഖ GO (MS) 362/ 2013 തീ. 16.11.2013 ഖണ്ഡിക 6-8 പ്രകാരം ഒരു യുണിറ്റിന് പരമാവധി 4000 രൂപ മാത്രമെ ചെലവഴിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് , ഷൊർണ്ണൂരിന്റെ ഇൻവോയ്സ് നം. MIL/TR 028/ 15-16 dtd 3-9-15 അനുസരിച്ച് 94 യുണിറ്റ് സ്റ്റഡി ടേബിളും ചെയറും വാങ്ങുന്നതിന് 380962 രൂപ നൽകിയിട്ടുണ്ട്. ഒരു യുണിറ്റിന് 4000 രൂപ നിരക്കിൽ 94 യുണിറ്റിന് 376000 മാത്രമാണ് പദ്ധതി മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായത്. ആയതിനാൽ ഈയിനത്തിൽ 4962 രൂപ അധികം ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. 2014-15 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗ രേഖ GO (MS) 362/ 2013 തീ. 16.11.2013 ഖണ്ഡിക 6-8 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ മുഖേന മാത്രമേ ഇത്തരം ഉപകരണങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

3. സർക്കാർ ഉത്തരവ് (എം.എസ്) 362/2013/ത.സ്വ.ഭ.വ തീയതി 16.11.2013പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 6.8 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റീൽ/മരം എന്നിവയിൽ നിർമ്മിച്ച മേശ, കസേര വാങ്ങി നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക്ക് കസേരകളാണ് വാങ്ങി നൽകിരിക്കുന്നത്. മതിയായ ഗുണനിലവാരമുള്ള സ്റ്റീൽ/മരം പഠനോപകരകണങ്ങൾ നൽകുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സ്റ്റീൽ /മരത്തിനു പകരം പ്ലാസ്റ്റിക്ക് കസേരകൾ നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ സർക്കാർ ഉത്തരവ് (എം.എസ്) 362/2013/ത.സ്വ.ഭ.വ തീയതി 16.11.2013 പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക

9.3(X) പ്രകാരം എസ്.സി.പി പ്രൊജക്റ്റുകളുടെ നിർവഹണം വിലയിരുത്തുന്നതിന് രൂപീകരിക്കുന്ന നിരീക്ഷണ കമ്മിറ്റിയുടെ പ്രൊജക്റ്റ് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

## 3-3 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കുകളിൽ സ്കോളർഷിപ്പ് നൽകിയില്ല

പ്രൊജക്റ്റ് നമ്പർ - 5/16 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - പ്ലാൻ ഫണ്ട്- 340600/-

ചെലവ്- 256070/-, ബിൽ നമ്പർ 7/ 15-16തീയ്യതി-17-3-16

നിർവഹണോദ്യോഗസ്ഥൻ: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ ജി.ഒ (എം.എസ്) നം. 362/2013 തീ.16-11-2013 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.8 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നിർദ്ദേശിച്ചിട്ടുള്ള അർഹമായ നിരക്കുകളിലല്ല സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. അർഹമായ നിരക്കുകളെക്കാൾ വളരെ കുറഞ്ഞ നിരക്കുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അർഹമായ തുക | അനുവദിച്ച തുക | കുറവ് |
|---|---|---|---|---|
| 1 | മുഹമ്മദ് അനസ് | 17200 | 10280 | 6720 |
| 2 | അഫീഫ | 17200 | 10280 | 6720 |
| 3 | ഷിഫ്ന | 17200 | 10280 | 6720 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കുകളിൽ സ്കോളർഷിപ്പ് നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കാതെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 64218 വീതം അടവാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിന്റ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണവും ബാധകമായ നിരക്കും താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| സിഎഫ്എൽ- 1*11 വാട്ട് | 35 | 7 | 245 |

| | | | |
|---|---|---|---|
| ഡബിൾ ട്യൂബ് – 2*40 വാട്ട് | 305 | 124 | 37820 |
| സോഡിയം വേപ്പർ ലാമ്പ് - 250 വാട്ട് | 14 | 414 | 5796 |
| സാധാരണ ബൾബ് വാട്ട് -40 വാട്ട് | 213 | 61 | 12993 |
| സിഎഫ്എൽ 2*11 വാട്ട് | 221 | 14 | 3094 |
| ട്യൂബ് – 1*40 വാട്ട് | 70 | 61 | 4270 |
| ആകെ | | | 64218 |

2015-16 വർഷത്തിൽ സാധാരണ ലാമ്പുകൾക്കായി ഗ്രാമപഞ്ചായത്ത് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഇതിൽനിന്നും വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള 213 സാധാരണ ലാമ്പുകൾ യഥാർത്ഥത്തിൽ നിലവിലില്ല എന്ന് അനുമാനിക്കാവുന്നതാണ്.

സാധാരണ ബൾബുകളുള്ള 213 തെരുവുവിളക്കുകൾക്ക് പ്രതിമാസം 61 രൂപ നിരക്കിൽ 12993 രൂപയാണ് വൈദ്യുതിബോർഡ് ഈടാക്കുന്നത്. ആകെ വൈദ്യുതി ചാർജ്ജിന്റെ 21 ശതമാനവും സാധാരണ ലാമ്പുകളുടേതാണ്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സാധാരണ ലാമ്പുകൾ മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ തനതുഫണ്ടിൽ നിന്ന് വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും മുൻകൈ എടുക്കേണ്ടതാണ്.

2.തെരുവുവിളക്കുകളുടെ എണ്ണം ക്രമീകരിക്കുന്നതിനായി വൈദ്യുതിബോർഡ് ഉദ്യോഗസ്ഥരുമായി ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3. ഓരോ വർഷവും ഉണ്ടാകുന്ന മാറ്റത്തിനനുസരിച്ച് കണക്ക് ക്രമീകരിക്കേണ്ടതും വൈദ്യുതി ബോർഡിന്റെ കണക്കും ഗ്രാമപഞ്ചായത്തിന്റെ കണക്കും പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. പ്രകാശിക്കാത്ത തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5. തെരുവു വിളക്കുകളുടെ വൈദ്യുത ഉപഭോഗം കണക്കാക്കുന്നതിനായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-5 പൊതു ടാപ്പുകളുടെ വെള്ളക്കരം-പഞ്ചായത്തിന് അധിക ബാധ്യത

പഞ്ചായത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടേതായി 285 പൊതു ടാപ്പുകൾ ഉണ്ട്. പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2015-16 വർഷം ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ ആകെ 1496250/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്.

സ.ഉ. (സാധാ) നം 600/12 തസ്വഭവ തിയ്യതി 27.02.12 പ്രകാരം ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിച്ച് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം കുറവു ചെയ്തു കൊണ്ടുവരാൻ നിർദ്ദേശിച്ചിട്ടുണ്ട് കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ഗാർഹിക

കണക്ഷനുകൾ പ്രോൽസാഹിപ്പിക്കേണ്ടതും പൊതു ടാപ്പുകളുടെ എണ്ണം ഘട്ടം ഘട്ടമായി കുറവു ചെയ്യേണ്ടതുമാണ്. പൊതു ടാപ്പുകളെല്ലാം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയോജിത പരിശോധന നടത്തേണ്ടതാണ്. പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത ലഘൂകരിക്കാൻ ഈ നടപടികൾ അനിവാര്യമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-6 തെരുവ് നായ്ക്കളുടെ വന്ധ്യകരണം -ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് - 297/16

നിർവ്വഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി

ബിൽ നം. 16/15-16/ 22.03.2016, തുക-122000/- (വികസനഫണ്ട്)(ഡി.ഡി നം- 319619/30.03.16)

ഡി.ഡി നം-319821/30.03.16, തുക-228000/- (തനത് ഫണ്ട്)

ആകെ – 350000 രൂപ

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ഗ്രാമ ബ്ളോക്ക് ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രൊജക്റ്റായ 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം'(പ്രൊജക്റ്റ്നം-999/16)എന്ന പദ്ധതിക്കു വേണ്ടി പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് 122000/-രൂപയും, തനത് ഫണ്ടിൽ നിന്ന് 228000/-രൂപയും ചേർത്ത് 350000/-രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതിയും തുകയുടെ വിനിയോഗവും സംബന്ധിച്ച് യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-7 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രൊജകറ്റ് നം - 60/16- മീഡിയാശ്രീ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 65000 (പ്ലാൻ ജനറൽ)

ബിൽനം.1/17-07-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ

പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 462/2015 തിയതി 16-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യൂമെന്ററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്. സർക്കാർ ഉത്തരവനുസരിച്ച് 65000 രൂപ പ്ലാൻ ജനറൽ ഫണ്ടിൽ നിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി (നം.528490/01.08.15)എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ചിത്രീകരിക്കുന്ന സിഡി നാളിതുവരെ ലഭ്യമായിട്ടില്ല. ഡോക്യുമെന്ററി പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 65000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 <u>നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കണം</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് KSEB യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. KSEB തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുകയാണ് കൈമാറിയിട്ടുള്ളത്. എന്നാൽ KSEB യുമായി കരാർചമയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.ഇത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരാണ്.ഡെപ്പോസിറ്റ് ചെയ്ത മുഴവൻ തുകയുടേയും വിനിയോഗ സാക്ഷ്യ പത്രവും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രവും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(333/16) | 319620/ 23.03.2016 | 23790 | 23790 | 23790 | - |

| | | | | |
|---|---|---|---|---|
| | 319621/ 23.03.2016 | 14390 | വിനിയോഗ വിവരം ലഭ്യമല്ല | - |
| | 320488/ 31.03.16 | 11265 | വിനിയോഗവിവരം ലഭ്യമല്ല | - |
| | ആകെ | 49445 | | |

ഡെപ്പോസിറ്റ് ചെയ്ത മുഴവൻ തുകയുടേയും വിനിയോഗ സാക്ഷ്യ പത്രവും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-9 എസ്.എസ്.എ വിഹിതം നൽകിയതിന് വിനിയോഗ രേഖകൾ ലഭ്യമായില്ല

പ്രൊജക്റ്റ്.നം. /16-എസ്.എസ്.എ വിഹിതം

അടങ്കൽ - 391343/-

ചെലവ് - 391343/-

ബിൽ നം.02/17-07-2015 (ഡി.ഡി.നം.529022/25.09.15)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

എസ്.എസ്.എ വിഹിതമായി എസ്.എസ്.എ.യുടെ ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയ തുക 391343/-രൂപയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-10 സ്ട്രീറ്റ് ലൈറ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം.-330/16

അടങ്കൽ-375000/-

ചെലവ്വിവരം

ബിൽ നം.-29/26.03.16-299481/-(DD No.320487/31.0316)

ബിൽനം.32/26.03.16-7200/-(,, ,,-320489/31.

ആകെ ചെലവ് - 306681/-

ഗ്രാമപഞ്ചായത്ത് ബസ്സ് സ്റ്റാന്റിലും കുറ്റനാട് സെന്ററിലും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതായിരുന്നു മേൽ പ്രൊജക്റ്റിന്റെ ലക്ഷ്യം. എന്നാൽ വകയിരുത്തിയ തുക രണ്ടു ലൈറ്റ് സ്ഥാപിക്കുന്നതിനു മതിയാകാത്തതിനാൽ കുറ്റനാട് സെന്ററിൽ മാത്രം സ്ഥാപിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചു. തെരുവുവിളക്കുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും ഉള്ള അംഗീകൃതസ്ഥാപനമായ ക്രൂസ് മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 31.03.2016-ന് ക്രൂസിന് നൽകുന്നതിന് 299481/-രൂപ പിൻവലിച്ച് ഡി.ഡി യാക്കിയെങ്കിലും 29.09.16 -ാം തീയതിയിലെ (റീവാലിഡേറ്റഡ്)ഡി.ഡി പ്രകാരമാണ് ക്രൂസിന് തുക നൽകിയിരിക്കുന്നത്. പദ്ധതിഫണ്ട് പിൻവലിച്ച് ഡിഡിയാക്കി ആറുമാസത്തോളം കൈവശം വെച്ചത് ശരിയായ നടപടിയല്ല.

2. 31.03.2016 ന് കെ.എസ്.ഇ.ബി. യിൽ അടവാക്കുന്നതിനായി പിൻവലിച്ച് ഡി.ഡി യാക്കിയെങ്കിലും 29.09.16 -ാം തീയതിയിലെ (റീവാലിഡേറ്റഡ്)ഡി.ഡി പ്രകാരമാണ് തുക നൽകിയിരിക്കുന്നത്.പദ്ധതിഫണ്ട് പിൻവലിച്ച് ഡിഡിയാക്കി ആറുമാസത്തോളം കൈവശം വെച്ചു. കെ.എസ്.ഇ.ബിയിൽ തുക അടവാക്കിയതിന്റെ രേഖകൾ ഇല്ല.

3. കെ.എസ്.ഇ.ബിയിൽ നിന്നും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രമില്ല.

4. പ്രവൃത്തി പൂർത്തീകരിക്കുന്നതിനും തുക നൽകുന്നതിനും ഉണ്ടായ കാലതാമസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/20.10.16) ലഭിച്ച മറുപടിയിൽ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ വന്നതിനാലും തെരുവുവിളക്കു ഫിറ്റ്ചെയ്യുന്നതിൽ പൊതുജന ഇടപെടൽ ഉണ്ടായിരുന്നതിനാലും നിർവ്വഹണം വൈകി എന്നാണ്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

5.തെരുവുവിളക്കു കാലതാമസം കൂടാതെ ഫിറ്റ്ചെയ്യുന്നതിൽ ക്രൂസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്.

പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ നിർവഹണ സമയക്രമം കൃത്യമായി പാലിക്കുന്നതിന് ഭരണ സമിതി, നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് സമിതി എന്നിവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച പ്രൊജക്ടുകൾ അതതു വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് കാലതാമസം കൂടാതെ

ലഭ്യമാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ മുൻകൈ എടുക്കേണ്ടതാണ്. കൂടാതെ അതത് സമയത്തെ സർക്കാർ ധനവിനിയോഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 3-11 തെരുവുവിളക്ക് സ്ഥാപിക്കൽ -പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്റ്റ് നം.-66/16

അടങ്കൽ- 483657 -(CFC-250000-,Plan Gen.-233657-)

ചെലവുവിവരം

ബിൽ നം.-33/26.03.16-233657/-(DD No.320896/08.04.16)

ബിൽനം.33/26.03.16- 15195/-(,, ,,-320893/08.04.16)

ആകെ ചെലവ് - 384852/-

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനായി താഴെ പറയും വിധം തെരുവു വിളക്കുകൾക്കായി ക്രൂസ്, കാസർഗോഡ് എന്ന സ്ഥാപനത്തിന് 384852/-രൂപ നൽകിയിട്ടുണ്ട്.

| ക്രമനം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | 2*11wattsCFL | 101 | 1130.13 | 114143.13 |
| 2 | 11Watts 4pinLampforCFL | 202 | 84.76 | 17121.52 |
| 3 | 1*85RetrofitCFL | 90 | 2106.55 | 189589.50 |
| 4 | Installation charges | 191 | 100 | 19100 |
| | TAXES | | | 44041.23 |
| | KVAT | | | 856.08 |
| | ആകെ | | | 384852 |

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. തെരുവു വിളക്കുകൾ എവിടെയൊക്കെ സ്ഥാപിക്കണം എന്ന് തീരുമാനിക്കാതെയാണ് പർച്ചേസ് നടത്തിയത്.

2.തെരുവ് വിളക്കുകൾ 23.06.15-ന് ലഭ്യമാക്കിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയതിൽ 1*85RetrofitCFL 40 എണ്ണം ലഭ്യമായതായിട്ടാണ് രേഖപ്പെടുത്തൽ. എന്നാൽ ഈയിനം 90 എണ്ണമാണ് വാങ്ങിയിട്ടുള്ളത്.

3. 191എണ്ണം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 19100/-രൂപ ക്രൂസിന് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി ഇവ സ്ഥാപിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/20.10.16) ലഭിച്ച മറുപടിയിൽ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ വന്നതിനാലാണ് വൈകിയത് എന്നാണ്. ഇത് അംഗീകരിക്കത്തക്കതല്ല.

4. 483657/-രൂപ വകയിരുത്തിയിരുന്നെങ്കിലും 384852/-രൂപ മാത്രമേ ചെലവായുള്ളൂ. പ്രൊജക്റ്റിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ആയതിനാൽ തെരുവ് വിളക്ക വാങ്ങിയതിന് ചെലവഴിച്ച തുക 384852 /-രൂപ അവ ഫിറ്റുചെയ്യുന്നതുവരെ തടസ്സത്തിൽ വെയ്ക്കുന്നു.

ആവശ്യം മുൻനിർത്തി വാങ്ങലുകൾ നടത്തുന്നതിനും ചെലവ് ചെയ്യുന്ന തുകയുടെ പ്രയോജനം ജനങ്ങൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മാലിന്യ സംസ്കരണപ്ലാന്റ് നിർമ്മാണം -വർഷങ്ങളായി തുക വകയിരുത്തിയിട്ടും ലക്ഷ്യം കൈവരിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ തൻ വർഷത്തെ പ്രൊജക്റ്റുകൾ പരിശോധിക്കുമ്പോൾ സ്പിൽ ഓവർ പ്രൊജക്റ്റ് നം.119/16 "മാലിന്യ സംസ്കരണ പ്ലാന്റ് " നിർവ്വഹണത്തിനായി തനതുഫണ്ടിൽ നിന്നും 900000/-രൂപ വകയിരുത്തിയിട്ടുണ്ട് എന്നു കാണുന്നു. എന്നാൽ ഇത് നാളിതുവരെയായി നടപ്പിലാക്കിയിട്ടില്ല. ഇതിന്റെ പ്രൊജക്റ്റ് ഫയൽ ഹാജരാക്കിയില്ല. ഇതുസംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി "മാലിന്യ സംസ്കരണ പ്ലാന്റ് പദ്ധതി “ 2008-09 മുതൽ തുടർന്നു വരുന്നതാണ്. വർക്ക് ഏറ്റെടുത്ത കമ്പനി പണിയാരംഭിച്ചിരുന്നെങ്കിലും പൊതുജനങ്ങൾ തടസ്സപ്പെടുത്തിയതിനാൽ നിറുത്തി വെയ്ക്കേണ്ടിവന്നു. പഞ്ചായത്ത് വേറെ സ്ഥലം കണ്ടെത്തിക്കൊടുത്താൽ പണി നടത്താവുന്നതാണ്. എന്നാൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നത് " എന്നാണ്. എന്നാൽ പ്രൊജക്റ്റ് ഫയൽ, കേസ് ഫയൽ എന്നിവ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ 2008-09 മുതൽ ടി പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിന് ലഭ്യമായില്ല. മാലിന്യ സംസ്കരണത്തിനായി 7 വർഷത്തോളമായി തുക വകയിരുത്തുന്നുണ്ടെങ്കിലും നാളിതുവരെയായി ലക്ഷ്യം കൈവരിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ, ഭരണസമിതി എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെയെ

ഇത് സാധ്യമാകൂ എന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി-അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതി നായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003 /പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013 /ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത്1 & 2 പ്രൊജക്റ്റ് പ്രകാരം | ലഭ്യമാക്കി യത് |
|---|---|---|---|
| 1 | വീട് | 46, 14 | 4, 5 |
| 2 | ഭൂമി | 14, 1 | 1, 0 |
| 3 | വീട് റിപ്പയർ | 56, 12 | 35,4 |
| 4 | കുടിവെള്ളം | 19, 9 | 7,0 |

സ.ഉ(എം എസ്) 362/2013 തസ്വഭവ തീയതി 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളു. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി തയ്യാറാക്കിയ ലിസ്റ്റിൽ ആദ്യത്തേതിൽ 160ഉം രണ്ടാമത്തേതിൽ 72 ഉം അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമേ ഭക്ഷണവും ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ഓഡിറ്റ് വർഷം ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്കായി 82544/- രൂപയും ഭവന പുനരുദ്ധാരണത്തിനായി 300000/-രൂപ വകയിരുത്തിയതിൽ 50000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ആശ്രയ

ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുളള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 3-14 മരാമത്തു പ്രവൃത്തികൾ പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ. രജിസ്റ്ററുകൾ എന്നിവ പരിശോധിക്കു മ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വകയിരുത്തിയ തുക | പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|---|
| 51833823 | 211 | 34882734(67%) | 139 |

1. എല്ലാഫയലുകളിലും ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയക്കുന്നതായി രേഖ ഇല്ല. അയക്കുന്ന പല സെലക്ഷൻ നോട്ടീസിലും രേഖപ്പെടുത്തൽ പൂർണ്ണമല്ല. വർക്ക് ഓർഡർ നൽകുന്നില്ല.

2. ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല.അംഗീകരിച്ചd ടെണ്ടർ,ഭരണസമിതി തീരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല.

3.ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വെക്കുമ്പോൾ എഗ്രിമെന്റ് ഷെഡ്യൂൾ അതോടൊപ്പം വെക്കുന്നില്ല.

4.ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ കരാറുകാരുമായുള്ള എഗ്രിമെന്റ് യഥാസമയം വെയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

## 3-15 നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തി ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി.ഒ.(പി) 13/2012/PWD/01-02-2012 പ്രകാരമുള്ള KPWD മാന്വൽ പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ(ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ റേറ്റിലും നിബന്ധനയിലും കരാറേറ്റെടുക്കാമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം.ഇത് സാദ്ധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ 39030/-രൂപ ഈടാക്കേണ്ടതാണ് . വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22-10-2016 ) ലഭിച്ച മറുപടിയിൽ പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് പിഎസി | ടെണ്ടർ ചെയ്തത് / അംഗീകരിച്ചത് | എഗ്രിമെന്റ് വെച്ചത്/കരാറുകാരൻ | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|
| 1. | മൈലാഞ്ചിക്കാട് ലിങ്ക് റോഡ് സൈഡ് കെട്ടൽ &കോൺക്രീറ്റിംഗ് 280/16, 399831/- | 03.10.15<br>03.10.15 | 02.12.2015<br>മോഹനൻ | 3998/- |
| 2. | തൊഴക്കാട് ഒലിയാനപ്പുറം റോഡ് റീടാറിംഗ്, 83/16, 297598/- | 03.10.15<br>03.10.15 | 22.01.16<br>ടി.സുരേന്ദ്രൻ | 2976/- |
| 3 | എരിയേടം വാട്ടർ ടാങ്ക് റോഡ് മെറ്റലിംഗ്&ടാറിംഗ്,126/16, 261536/- | 30.06.15<br>24.07.15 | 08.09.15<br>സുഭാഷ് | 2615/- |
| 4 | കൈതച്ചിറ കാട്ടി ലാടം ലിങ്ക് പാലം, കൾവെർട്ട് ,306/15, 199589/- | 09.03.15<br>.03.15 | 29.04.15<br>വി.മുസ്തഫ | 1996/- |
| 5 | കാട്ടിലാടം കോളനി റീടാറിംഗ്,109/15, 298905/- | 09.03.15<br>.03.15 | 03.07.15<br>കെ.രാജൻ | 2989/- |
| 6. | ഒലിയാനപ്പുറം സാം സ്കാരികനിലയം, 167/16, 149869/- | 30.06.15, 24.07.15 | 16.09.15<br>ടി.സുരേന്ദ്രൻ | 1499/- |
| 7. | വെറ്ററിനറി ഹോസ്പിറ്റൽ കെട്ടിടസംരക്ഷണം, 168/16, 399915/- | 30.06.15, 24.07.15 | 16.09.15<br>ടി.സുരേന്ദ്രൻ | 3999/- |
| 8. | തിരുത്തിപ്പാറ എള വാഴുക്കൽറോഡ് റീടാറിംഗ്, 27/16, 298494/- | 30.07.15, 05.08.15 | 16.12.15<br>പി.വി. ഷംസുദ്ദീൻ | 2985/- |
| 9. | കോതച്ചിറ പുളിയംകോട് കോളനി റോഡ് റീടാറിംഗ്(201/16)/- 199850/- | 09.03.15<br>.03.15 | 29.04.15<br>പി.വി.മുസ്തഫ. | 1998/- |

| | | | | |
|---|---|---|---|---|
| 10. | കുറ്റനാട് പെരിങ്ങോട് റോഡ് മെറ്റലിംഗ്&ടാറിംഗ്, 132/16, 999423 | 09.03.15<br>.03.15 | 18.04.15<br>കെ.എൻ. മുകുന്ദൻ | 9994/- |
| 11. | കുറ്റനാട് പെരിങ്ങോട് റോഡ്<br>റീടാറിംഗ്,203/10,<br>398128/- | 09.03.15<br>.03.15 | 18.04.15<br>കെ.എൻ. മുകുന്ദൻ | 3981/- |
| | ആകെ | | | 39030/- |

## 3-16 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ എല്ലാ പ്രവർത്തികളിലും സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ ആകെ 53824/- രൂപ പിഴ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22-10-2016 ) ലഭിച്ച മറുപടിയിൽ പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1.എടക്കാട് കളത്തിൽപ്പാറ റോഡ് മെറ്റലിംഗ്&ടാറിംഗ് (123/15)

പിഎസി- 298472/-

കരാറുകാരൻ- ജയപ്രകാശ്

എഗ്രിമെൻറ് നം- 48/17.03.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 16.06.15 (3മാസം)

പൂർത്തീകരിച്ച തീയതി- 04.01.2016

അളവു പുസ്തകം- 95/15-16

ഫൈനൽ ബിൽ - 58/20.02.16

പിഴ ഈടാക്കേണ്ടത്-04.07.15 -03.01.16 ( 18ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്നു മാസത്തിന് പി.എ.സി.യുടെ1% -2985/-

അടുത്ത ഓരോ മൂന്നു മാസത്തിനുംപി.എ.സി.യുടെ2%-5969/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 8954/-

2.കൈതച്ചിറ കാട്ടിലാടം ലിങ്ക് പാലം,കൾവെർട്ട് (306/15)

പിഎസി- 199589/-

കരാറുകാരൻ-വി.മുസ്തഫ

എഗ്രിമെൻറ് നം-10/29.04.15(ടെണ്ടർ ചെയ്തത്-09.03.15)

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 28.07.15 (3മാസം)

പൂർത്തീകരിച്ച തീയതി-17.02.16

അളവു പുസ്തകം- 177/15-16

ഫൈനൽ ബിൽ നം - 125/26.03.16

പിഴ ഈടാക്കേണ്ടത്-16.08.15-16.02.16 ( 18ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്നു മാസത്തിന് പി.എ.സി.യുടെ 1% - 1996/-

അടുത്ത ഓരോ മൂന്നു മാസത്തിനും പി.എ.സി.യുടെ 2%-3992/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 5988/-

3.കാട്ടിലാടം കോളനി റീടാറിംഗ്(109/15)

പിഎസി- 298905/-

കരാറുകാരൻ- കെ.രാജൻ

എഗ്രിമെൻറ് നം- 24/03.07.2015 (ടെണ്ടർ ചെയ്തത്-09.03.15)

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 02.10.2015(3മാസം)

പൂർത്തീകരിച്ച തീയതി-15.01.16 (ആദ്യ എസ്റ്റിമേറ്റിലുള്ള ഇനങ്ങൾ പൂർത്തീകരിച്ചത്, ടെണ്ടർ കുറവു മൂലമുണ്ടാകുന്ന മിച്ചതുക ഉപയോഗിച്ച് തുടർന്നുള്ള ഭാഗം കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിപൂർത്തീകരിച്ചത് 08.02.16 ന്)

അളവു പുസ്തകം- 78/15-16

ഫൈനൽ ബിൽ -68/15.03.16

പിഴ ഈടാക്കേണ്ടത്- 21.10.15-14.01.16 ( 18ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്നു മാസത്തിന് പി.എ.സി.യുടെ 1% - 2056/-(86ദിവസം)

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 2056/-

4. കോതച്ചിറ പുളിയംകോട് കോളനി റോഡ് റീടാറിംഗ്(201/16)

പിഎസി- 199850/-

കരാറുകാരൻ-പി.വി.മുസ്തഫ

എഗ്രിമെൻറ് നം- 09/29.04.15(ടെണ്ടർ ചെയ്തത്-09.03.15)

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി -28.07.15 (3മാസം)

പൂർത്തീകരിച്ച തീയതി-05.01.16

അളവ് പുസ്തകം- 143/15-16

ഫൈനൽ ബിൽ - 99/19.03.2016

പിഴ ഈടാക്കേണ്ടത്-16.08.15-04.01.16 ( 18ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ 1% - 1998/-

അടുത്ത ഓരോ മൂന്ന മാസത്തിനും പി.എ.സി.യുടെ 2%- 2265/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 4263/-

5.കുറ്റനാട് പെരിങ്ങോട് റോഡ് മെറ്റലിംഗ്&ടാറിംഗ് (132/16)

പിഎസി-999423/-

കരാറുകാരൻ-കെ.എൻ. മുകുന്ദൻ

എഗ്രിമെൻറ് നം- 02/18.04.15

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 17.07.15 (3മാസം)

പൂർത്തീകരിച്ച തീയതി- 03.01.16

അളവ് പുസ്തകം- 79/15-16,82/15-16,96/15-16

ഫൈനൽ ബിൽ - 62/27.02.16

പിഴ ഈടാക്കേണ്ടത്-05.08.15-02.01.16 ( 18ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ 1% - 9994/-

അടുത്ത ഓരോ മൂന്ന മാസത്തിനും പി.എ.സി.യുടെ 2%- 13103/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 23097/-

6.കുറ്റനാട് പെരിങ്ങോട് റോഡ് റീടാറിംഗ് (203/16)

പിഎസി- 398128/-

കരാറുകാരൻ-കെ.എൻ. മുകുന്ദൻ

എഗ്രിമെൻറ് നം- 03/18.04.15

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 17.07.15 (3മാസം)

പൂർത്തീകരിച്ച തീയതി- 06.01.16

അളവ് പുസ്തകം-240/13-14,97/15-16,79/15-16

ഫൈനൽ ബിൽ - 63/27.02.16

പിഴ ഈടാക്കേണ്ടത്- 05.08.15-05.01.16 ( 18ദിവസം ഗ്രേസ് പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ 1% - 3981/-

അടുത്ത ഓരോ മൂന്ന മാസത്തിനും പി.എ.സി.യുടെ 2%-5485/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 9466/-

## 3-17 കുഴൽകിണർ നിർമ്മാണം ഭൂജലവകുപ്പിന്റെ മുന്നറിയിപ്പ് പരിഗണിച്ചില്ല പദ്ധതിഫണ്ടിനു നഷ്ടം

പ്രൊജക്റ്റ് - കണ്ണംപാറ കോളനി കുടിവെള്ള പദ്ധതി (246/15)

അടങ്കൽ- 400000(plan SCP)

ചെലവുവിവരം- ബിൽ നം.- 23/20.1015-49001/-

അളവുപുസ്തകം-248/13-14

എസ്റ്റിമേറ്റ് പ്രകാരം പുതിയ കുഴൽകിണർ കുഴിച്ച് മോട്ടോർ,വാട്ടർടാങ്ക്,പമ്പ്ഹൌസ്എന്നിവ സ്ഥാപിക്കുന്നതിനും പൈപ്പിടുന്നതിനും OYEC അടയ്ക്കൽ ,വൈദ്യുതി കണക്ഷൻ എടുക്കൽ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ഫൈനൽബിൽ, അളവുപുസ്തകം എന്നിവപ്രകാരം ഇനം (1)ആയി കുഴൽകിണർ നിർമ്മിക്കുന്നതിലുള്ള സ്ഥലം പെഗ്മാർക്ക് ചെയ്യുന്നതിനുള്ള സർവേ ചാർജ് ആണ്. ഗ്രൌണ്ട് വാട്ടർ അതോറിയുടെ 21.07.15 ലെ സർവെ റിപ്പോർട്ടു പ്രകാരം കുഴൽകിണർ നിർമ്മിക്കുന്നതിലുള്ള സ്ഥലം പെഗ്മാർക്ക് ചെയ്തുനൽകിയിട്ടുണ്ടെങ്കിലും (Over burden-6മീറ്റർ,ആകെ ആഴം -130മീറ്റർ) റിമാർക്സ് ആയി " ജലലഭ്യത താരതമ്യേന കുറവായിരിക്കാനാണ് സാധ്യത" എന്നു ചേർത്തിട്ടുണ്ട്. എന്നാൽ ഇതു പരിഗണിക്കാതെ യാണ് പ്രവർത്തി ചെയ്തത്.ഫൈനൽബിൽ, അളവുപുസ്തകം എന്നിവ പ്രകാരം120 മീറ്റർ ആഴത്തിൽ കുഴിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊന്നും നാളിതുവരെ ചെയ്തിട്ടില്ല. 25.06.15 പ്രവൃത്തി അളവെടുത്ത് തുക നൽകിയിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊന്നും നാളിതുവരെ ചെയ്തിട്ടില്ല.ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി പ്രകാരം "പ്രവൃത്തി ഒരു കുഴൽകിണർ പൂർത്തിയാക്കുകയും ജലലഭ്യത ഇല്ലാത്തതുമാണ്" എന്നാണ്. എന്നാൽ ഈ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ജലലഭ്യത താരതമ്യേന കുറവായിരിക്കാനാണ് സാധ്യത എന്ന് ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുടെ മുന്നറിയിപ്പ് പരിഗണിക്കാത്തതുമൂലം പദ്ധതിഫണ്ടിന് നഷ്ടമുണ്ടായി. ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 3-18 പദ്ധതി നിർവ്വഹണം ചില മേഖലകളിൽ പരിമിതം

ഓഡിറ്റ് വർഷം വിവിധ മേഖലകളിൽ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതിന്റെയും രേഖകൾ പരിശോധിക്കുമ്പോൾ വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ(ഹോമിയോ) എന്നിവർ നിർവഹണോദ്യോഗസ്ഥരായിട്ടുള്ള തൻവർഷത്തെ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല എന്നുകാണുന്നു. ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് 100000/-രൂപ വകയിരുത്തിയത് ചെലവായില്ല. ഈ ഒരു പ്രൊജക്റ്റ് മാത്രമേ ഈ മേഖലയിൽ വെച്ചിരുന്നുള്ളൂ എങ്കിലും നിർവ്വഹണം നടന്നില്ല. മൃഗസംരക്ഷണ മേഖലയിൽ 5സ്പിൽ ഓവർ പ്രൊജക്റ്റുകളും 3തൻവർഷ പ്രൊജക്റ്റുകളും ഉൾപ്പെടെ ആകെ 8പ്രൊജക്റ്റുകൾക്ക് 2083895/-വകയിരുത്തിയിരുന്നെങ്കിലും 3

സ്പിൽഓവർ പ്രൊജക്റ്റുകൾ മാത്രമേ നടപ്പിലായുള്ളൂ. ചെലവ്-184635/- (8.86%).ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗ്രാമസഭയിൽ ഉയർന്നുവന്ന ശുപാർശകൾക്കനുസരിച്ച് ആവിഷ്കരിച്ചിട്ടുള്ള പ്രൊജക്റ്റുകൾ യഥാസമയം നടപ്പിലാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്. പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ നിർവഹണ സമയക്രമം കൃത്യമായി പാലിക്കുന്നതിന് ഭരണ സമിതി, നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് സമിതി എന്നിവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച പ്രൊജക്ടുകൾ അതതു വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ മുൻകൈ എടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തൃത്താല ബ്ലോക്ക് പഞ്ചായത്ത് | 85150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 85150 | - |
| | 153000 | ഉഴവുകൂലി | 153000 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തിനടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(333/16) | 319620/ 23.03.2016 | 23790 | 23790 | 23790 | - |
| | | 319621/ 23.03.2016 | 14390 | വിനിയോഗ വിവരം ലഭ്യമല്ല | - | |
| | | 320488/ 31.03.16 | 11265 | വിനിയോഗവിവരം ലഭ്യമല്ല | - | |

| | | | | | |
|---|---|---|---|---|---|
| | ആകെ | 49445 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | ഒന്നുമില്ല | | | |

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| 1 | 115000 | EMS ഭവന വായ്പ | 115000 | - | 6ഗുണഭോ ക്താക്കൾക്ക് ധനസഹായം നൽകുന്നതിന് വിനിയോഗിച്ചു. |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന വായ്പ | 779/2010/ ത.സ്വ.ഭ.വ/ 08.03.2010 | 115000 | 3747806 | 562000 | - | 3300806 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഒന്നുമില്ല |
| തൻവർഷം നിക്ഷേപിച്ച തുക | “ |
| ആകെ | “ |
| തന്നാണ്ടിൽ പിൻവലിച്ച തുക | “ |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | “ |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ അക്കൌണ്ട് പ്രകാരം തൻവർഷം 8515/-രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-42 | 2003-04 | 3.9.4 | പഞ്ചായത്തിന്റെ ആവശ്യത്തിലേക്ക് ടില്ലർ വാങ്ങിയത് | നടപടി പൂർണ്ണമായിട്ടില്ല |
| 1997-98 | 35(A) | 2004-05 | 3.9.4 | ആട് വളർത്തൽ പദ്ധതി(ജനറൽ) | |
| 1997-98 | 35(B) | 2004-05 | 3.9.4 | ആട് വളർത്തൽ പദ്ധതി(SC) | |
| 1997-98 | 36 | 2004-05 | 3.9.4 | പശുവളർത്തൽ (ജനറൽ) | |
| 1997-98 | 37 | 2004-05 | 3.9.4 | പശുവളർത്തൽ (SC) | |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട്

വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് നടന്നത് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | ഗവ.ആയുർവേദ ആശുപത്രി, കോതച്ചിറ. നാഗലശ്ശേരി | 29.12.2008 | 2015 | 10.06.15 | - | - | - | - |
| 2 | ഗവ.PHC, നാഗലശ്ശേരി | 25.04.2002 | - | - | - | - | - | - |
| 3 | ഗവ.ഹോമിയോ ആശുപത്രി നാഗലശ്ശേരി | വിവരങ്ങൾ ലഭ്യമായില്ല | - | - | - | - | - | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42037974 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72652526 |
| വരവിനങ്ങളിലുള്ള നഷ്ടം | 5500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92854 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 465260 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-3 | 5500 | 2800- ജയന്തകുമാർ,സെക്രട്ടറി<br>2700-വി.എൻ.നന്ദകുമാർ, '' |

| | | |
|---|---|---|
| 3-16 | 53824 | ഷിധി.എൻ.പി.<br>അസി. എഞ്ചിനീയർ |
| 3-15 | 39030 | 17969-ആശാരാജ്.ആർ.,<br>അസി. എഞ്ചിനീയർ<br>21061-ഷിധി.എൻ.പി.<br>അസി. എഞ്ചിനീയർ |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10466 | എം.രാജൻ, ഹെഡ്മാസ്റ്റർ |
| 3-2 | 4962 | സ്വരൂപ്.എം,എസ്.,<br>അസി.സെക്രട്ടറി |
| 3-7 | 65000 | ജയന്തകുമാർ,സെക്രട്ടറി |
| 3-11 | 384852 | വി.എൻ.നന്ദകുമാർ, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.വി ജയന്തകുമാർ,<br>സെക്രട്ടറി | | അനശക്കേടത്ത് മന,<br>കാഞ്ഞിരമറ്റം പി.ഒ.,<br>എറണാകുളം ജില്ല. |

| | | |
|---|---|---|
| വി.എൻ.നന്ദകുമാർ, സെക്രട്ടറി | സെക്രട്ടറി, നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് | പുത്തൻമഠം, പടിഞ്ഞാറെ ചാലക്കുടി, ചാലക്കുടി.പി.ഒ. തൃശ്ശൂർ ജില്ല. |
| ആശാരാജ്.ആർ.,അസി. എഞ്ചിനീയർ | | തുണ്ടിയിൽ, കിടങ്ങറ പി.ഒ, ആലപ്പുഴ ജില്ല. |
| ഷിധി.എൻ.പി., അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് | നാലുപുരയ്ക്കൽ, കണ്ടാനിശ്ശേരി.പി.ഒ., തൃശ്ശൂർ ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | LFP9/726/99/ 9.10.2000 |
| 1997-98 (വരവ്) | LFP10/1184/02/ 15.3.03 |
| 1998-99(ചെലവ്) | LFP10/1193/ 9.4.03 |
| 1998-99(DCB) | LFP10/72/04/ 5.6.04 |
| 1999-2000 (പദ്ധതി ഒഴികെ) | LFP10/745/04/ 6.4.05 |
| 1999-2000 (പ്ലാൻ ഓഡിറ്റ്) | LFP10/808/04/ 31.3.06 |
| 2000-2001 (പ്ലാൻ) | LFP10/802/2/04 /31.1.06 |
| 2001-02 (പ്ലാൻ) | LFP10/809/04/ 31.1.06 |
| 2000-01(പദ്ധതി ഒഴികെ) | LFP10/953/06/ 4.10.06 |
| 2001-02(പദ്ധതി ഒഴികെ) | LFP10/954/06/ 4.10.06 |
| 2002-03 | LFP10/324/04/ 30.3.07 |
| 2003-04 | LFP10/335/08/ 23.6.09 |
| 2004-05 | LFP10/336/08/ 23.6.09 |
| 2005-06 | LFP10/337/08/ 23.6.09/ |
| 2006-07 | LFP10/338/08/ 23.6.09 |
| 2007-08 | LFP10/398/11/ 26.8.11 |
| 2008-09 | LFP10/399/11/ 26.8.11 |
| 2009-10<br>2010-11 | LFP10/1890/12/ 4.11.12 |
| 2011-12 | LFP10/496/14/ 8.4.14 |

| | |
|---|---|
| 2012-13&<br><br>2013-14 | കെ.എസ്.എ-<br>പികെഡി10/1519/15/<br><br>19-11-15 |
| 2014-15 | കെ,എസ്.എ-പികെ.ഡി.10-<br>1449/2016/10-08-2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്
AUDIT CERTIFICATE

Certified that I have examined the Annual Financial Statement of NAGALASSERY GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions in my opinion the financial statements of NAGALASSERY GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

NAGALASSERY GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

Deputy Director

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

ഡെപ്യൂട്ടി ഡയറക്ടർ